LIBRARY ARCHIVES Kerala Legislative Assembly

നെയ്യാറ്റിൻകര പരുത്തിയൂർ സ്റ്റേഡിയം

310 (1295) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2020-21 വർഷത്തിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക ഫണ്ട് ഉപയോഗിച്ച് പരുത്തിയൂർ സ്റ്റേഡിയത്തിൽ കായിക വകുപ്പിലെ ഫയൽ നമ്പർ എ 3/282/2020 പ്രകാരമുള്ള പ്രവൃത്തിയുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ;

&

(ബി) ഡി.പി.ആർ. പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് പരുത്തിയൂർ സ്റ്റേഡിയത്തിൽ ചെയ്യുന്നതെന്ന് വിശദമാക്കാമോ; നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ പരുത്തിയൂരിലെ സ്റ്റേഡിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട്, കായിക യുവജനകാര്യാല യത്തിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം പരിശോധിച്ചിരുന്നു. നിർദ്ദിഷ്ട സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ സ്കെച്ച് തയ്യാറാക്കി സമർപ്പിക്കുന്നതിന് കുളത്തൂർ ഗ്രാമ പഞ്ചായത്തിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും സ്കെച്ച് ലഭ്യമാക്കിയിട്ടില്ല. കൂടാതെ സർക്കാർ ഏറ്റെടുക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ സ്ഥല ഉടമയുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായിട്ടുണ്ട്. കുളത്തൂർ ഗ്രാമപഞ്ചായത്ത് കായിക യുവജനകാര്യാലയവുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കായിക താരങ്ങൾക്ക് തൊഴിൽ

311(1296) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവ് തെളിയിച്ച കായിക താരങ്ങൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം പ്രതിവർഷം 50 ഒഴിവുകൾ കായികതാരങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. ആയതിൽ 2010-14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തീകരിച്ചുവരുന്നു. 2015-2019 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.